## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1621

05.12.2014 ലെ
മറുപടിയ്ക്ക്

### സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ കോർപ്പറേഷൻ മുഖേന നാളിതുവരെയായി എന്തെല്ലാം വായ്പാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് ; | (എ) | ഉണ്ട്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, പ്രവാസി സ്വയം തൊഴിൽ വായ്പ, നിതാഖാത് സ്വയം തൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡെവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | കഴിഞ്ഞ രണ്ട് വർഷമായി എത്ര രൂപ ഇതിനായി നീക്കി വെച്ചിട്ടുണ്ട് ; എത്ര രൂപ വായ്പയായി വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ? | (ബി) | 9.2 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ